3. Special arrangements were made to Supervise Cholera Control work in Kuttanad by posting an Assistant Surgeon with Headquarters at Pulinkunnu. A special boat has been placed at his disposal. Another Assistant Surgeon was posted at Shencotta and when the infection in this Taluk subsided, he has been transferred to Nagercoil to assist the District Health Officer, Trivandrum to control cholera in South Travancore. A special epidemic van was placed at the disposal of the District Health Officer, to facilitate transportation of staff and equipments.

4 Additional facilities for treatment of patients were provided in the Hospital at Pulinkunnu and in Nagercoil Municipal town.

5. Wide publicity has been given through the newspapers to the public about the need for protecting themselves by inoculation before proceeding to cholera infected areas in or out of the State or before proceeding to attend festivals.

6. Special arrangements are in progress to inoculate the harvest coolies in Kuttanad and Nanjinad.

ACCEPTANCE OF OFFICE BY MEMBERS

ശ്രീ. എം. ഐ. പോൾ: സർ, ഒരു പോയിന്റ് ഓഫ് ഓർഡർ ഇൻഡ്യൻ കോൺസ്റ്റിറ്റ്യൂഷൻ ആർട്ടിക്കിൾ ഫൻഫ ക്ലാസ്സ് (എ) അനുസരിച്ച് ഈ അസംബ്ലിയിൽ ഉള്ള മെമ്പറന്മാർ പല ഉദ്യോഗങ്ങളും സ്വീകരിച്ചിട്ടുള്ളതു് ശരിയാണോ എന്നുള്ള വിവരം അന്വേഷിച്ച് അറിയുന്നതിനെസംബന്ധിച്ച് ഒരു പോയിന്റ് ഓഫ് ഓർഡർ കൊണ്ടുവന്നിട്ട്. അതിനു് മറുപടിയായി ഉടൻ തന്നെ അന്വേഷിച്ച് മറുപടി പറയാമെന്നു് പറഞ്ഞു. അങ്ങനെ പറഞ്ഞിട്ട് ദിവസങ്ങളായി, ആഴ്ചകളായി, മാസങ്ങളായി, കൊല്ലവും കഴിഞ്ഞു. ഇതുവരെയും അതിനെക്കുറിച്ച് ഒന്നും പറയാതിരിക്കുന്നതു് വേണമെങ്കിൽ അതിനിടയിൽ അവരുടെ ഉദ്യോഗം ലാഭവധി അവസാനിച്ചു കൊള്ളട്ടെ എന്നു വിചാരിച്ചാണോ?

മി. സ്പീക്കർ: അല്ല.

ബഹുമാനപ്പെട്ട മെമ്പർ ഉൾപ്പടെ ഈ സഭയിലെ അനേകം മെമ്പർമാർ ഓരോ കമ്മറിയിലായി അംഗത്വം ഉള്ളതായികാണുന്നു. അംഗത്വവ്യവസ്ഥകൾ എല്ലാമെമ്പറന്മാരെ സംബന്ധിച്ചും ഒന്നുപോലെയല്ല. ചിലസ്ഥാനങ്ങൾ അസംബ്ലിമെമ്പർ സ്ഥാനവുമായി പൊരുത്തമില്ലാത്തവയാണെന്ന പ്രഥമദൃഷ്ടിയിൽതന്നെ വെളിപ്പെടുന്നവയാണു്. എല്ലാസ്ഥാനങ്ങളേയും സംബന്ധിച്ചുള്ള വിശദവിവരങ്ങൾ ഗവണ്മെണ്ടിനോട് ആവശ്യപ്പെടുകയും ആ വിവരങ്ങൾ ഒരാഴ്ച മുമ്പു ലഭിക്കുകയും ചെയ്തിട്ടുണ്ടു്. ഈ സംഗതിയെ സംബന്ധിച്ചു അവസാനതീരുമാനം ചെയ്യേണ്ടതു ഈ സഭയല്ലെങ്കിലും വിവരങ്ങളെല്ലാം അടുത്ത തിങ്കളാഴ്ച സഭയുടെ മുമ്പിൽ വയ്ക്കുന്നതാണു്.

ADJOURNMENT MOTION

മി. സ്പീക്കർ: ചെങ്ങന്നൂർ പോലീസ് സ്റ്റേഷൻ ക്രൈം ഫൈൽ of ഉൾപ്പെട്ടിരുന്ന എതാനും വ്യക്തികളെ ലാക്കപ്പിൽവച്ചു് മർദ്ദിച്ചു എന്നുള്ള വിവരം കാണിച്ചു് ഒരു അടിയന്തിരപ്രമേയം കിട്ടിയിട്ടുണ്ടു്. ഫൈനൽ റിപ്പോർട്ടിനു ശേഷം ലാണു് സംഭവം നടന്നതു്. ഇതു സംബന്ധിച്ചു് ഗവണ്മെണ്ടിനു ഒന്നും എന്തു വിവരങ്ങളാണു് സഭയെ അറിയിക്കുവാനുള്ളതെന്നു പറഞ്ഞാൽ കൊള്ളാം.

LIBRARY ARCHIVES Kerala Legislative Assembly